ഉത്തരം

ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാരിത്താസ്—അമ്മനേരി റോഡ്

1371. [1960] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ അതിരമ്പുഴ പഞ്ചായത്തു വകയായിരുന്ന കാരിത്താസ്—അമ്മനേരി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറെടുത്തതിനു ശേഷം യാതൊരുവിധ അറകുറപ്പണികളും നടത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അറകുറപ്പണികൾ നടത്താത്തതുകാരണം ഈ റോഡ് ഗതാഗത യോഗ്യമല്ലാതായി തീർന്നിരിക്കുന്നുവെന്ന കാര്യം പരിഗണിച്ച് അടിയന്തിര മായും അതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാരിത്താസ്—അമ്മനേരി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറെടുത്തതിനുശേഷം അറകുറപ്പണികൾ നടത്തിയിട്ടുണ്ട്.

(ബി) ഈ റോഡിന്റെ പണി ആരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Bangara Manjeshwar Kalur Road

1372. [1961] **Dr. A. Subba Rao :** will the Deputy Chief Minister be pleased to state :

(a) What is the present stage of Bangara Manjeshwar-Kalur road ;

(b) Has the estimate for the bridge in the Road prepared and administrative and technical sanctions accorded ;

(c) When is it proposed to be completed ?

Answer

(a) The work of road formation including Earth work, metalling and Black topping have been completed. The construction of a minor bridge is yet to be taken up.

(b) Administrative sanction for the whole work has been given. Detailed working estimate for the bridge has to be finalised.

(c) The whole work is expected to be completed by 6/86.

LIBRARY ARCHIVES Kerala Legislative Assembly